(ബി) എങ്കിൽ, കേന്ദ്ര ഗവൺമെന്റ്/സംസ്ഥാന ഗവൺമെന്റ് എന്നിവരുടെ സാമ്പത്തിക സഹായത്തോടെ റെഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ; ഇതിനായി ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പൊഴിക്കര-ലക്ഷ്മിപുരം തോപ്പ് റോഡിൽ റോഡ് നിർമ്മാണം പൂർത്തീകരിയ്ക്കാൻ കഴിയാത്തതും വർഷകാലത്ത് റോഡ് തകർന്ന് കടലും കായലും ഒന്നായി തീരുകയും ചെയ്യുന്ന ഭാഗത്ത് ഐ.ഐ.റ്റി.-യുടെ നിർദ്ദേശ പ്രകാരം ഗ്രോയിനുകൾ നിർമ്മിച്ചിട്ടുള്ളതിനാൽ ഈ ഭാഗത്ത് മണ്ണടിഞ്ഞ് ബീച്ച് രൂപാന്തരപ്പെട്ടിട്ടുള്ളതും ആയതിനാൽ നിലവിൽ ഒരു റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ആവശ്യകതയില്ലാത്തതുമാകുന്നു.

(ബി) നിലവിൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ആവശ്യകതയില്ലാത്തതിനാൽ ആയതിന് നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല. എന്നാൽ ടി ഭാഗത്ത് റോഡ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

128 (133) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ നിർദ്ദേശമെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ;

(ബി) ഇത് നടപ്പിലാക്കുന്നത് തദ്ദേശ മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവരുടെ ആശങ്ക പരിഹരിക്കുന്നതിനും തീരദേശ സുരക്ഷ സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിനും എന്തെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ട് ; വ്യക്തമാക്കുമോ?

ഉത്തരം

(എ) മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾ ഫിഷറീസ് വകുപ്പിൽ ലഭിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മീനകുമാരി കമ്മീഷൻ റിപ്പോർട്ടിലെ മിക്ക ശിപാർശകളും കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കും എന്നതിനാൽ ടി റിപ്പോർട്ട് തള്ളിക്കളയണമെന്ന് കേന്ദ്ര ഗവണ്മെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly